**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3716** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി /പട്ടികവർഗ്ഗ/ ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവന ധനസഹായം അനുവദിക്കുന്നത്. ഭവന നിർമ്മാണ ധനസഹായ പദ്ധതിയിലൂടെ 2007-08 മുതൽ 2018-19 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് തുടർന്നുള്ള ഗഡുക്കൾ സ്പിൽ ഓവർ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ, ആദിവാസി പുനരധിവാസ മിഷൻ എന്നിവ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ പത്ത് വർഷമായി എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവന നിർമ്മാണ സഹായം ലഭ്യമാക്കിയെന്നും അതിൽ എത്ര ഭവന നിർമ്മാണം പൂർണ്ണമായും നടന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗക്കാർക്ക് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടങ്ങൾ ഉൾപ്പെടെ ആകെ 64493 വീടുകൾ അനുവദിച്ചതിൽ 52,438 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 25970 വീടുകൾ അനുവദിച്ചതിൽ 8192 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥതലങ്ങളിലുണ്ടായ ഫണ്ട് തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും 1 വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും അന്വേഷണവും സ്വീകരിച്ചു വരുന്നു. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ നഷ്ടമാകുന്ന തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | എങ്കിൽ പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നും നഷ്ടമായ എത്ര തുക കണ്ടെത്തി പ്രസ്തുത വിഭാഗക്കാർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ? | | വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും 1 വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും അന്വേഷണവും സ്വീകരിച്ച് വരുന്നു. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ നഷ്ടമാകുന്ന തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ